## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## തിരുവനന്തപുരം – 695 033

നമ്പർ.ബി2/02/2025-സം.തി.ക. തീയതി.29.01.2025

പ്രേക്ഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ,**
**തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്**

ഡിസ്ട്രിക്ട് ലേബർ ഓഫീസർ, തൊഴിൽ ഭവൻ, തിരുവനന്തപുരം &
വരണാധികാരി, സി 01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം

സ്പെഷ്യൽ തഹസിൽദാർ, (എൽ എ) എൻ എച്ച് നമ്പർ-2, നെയ്യാറ്റിൻകര &
വരണാധികാരി, ജി 17 കരുംകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് സർവ്വെ, സെൻട്രൽ സർവ്വെ ഓഫീസ്, വഴുതക്കാട്, തിരുവനന്തപുരം &
വരണാധികാരി, ജി 34 പൂവച്ചൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട് &
വരണാധികാരി, ജി 52 പാങ്ങോട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

പ്രിൻസിപ്പൽ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര &
വരണാധികാരി, എം 87 കൊട്ടാരക്കര മുനിസിപ്പാലിറ്റി, കൊല്ലം

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെൻമല &
വരണാധികാരി, ബി 16 അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത്, കൊല്ലം

ജോയിന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കൊല്ലം & വരണാധികാരി, ബി 17 കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത്, കൊല്ലം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി, ചവറ ബ്ലോക്ക് പഞ്ചായത്ത് &
വരണാധികാരി, ജി 02 കുലശേഖരപുരം ഗ്രാമപഞ്ചായത്ത്, കൊല്ലം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് &
വരണാധികാരി, ജി 04 ക്ലാപ്പന ഗ്രാമപഞ്ചായത്ത്, കൊല്ലം

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, അഞ്ചൽ &
വരണാധികാരി, ജി 30 ഇടമുളക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം

ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, പത്തനംതിട്ട &

വരണാധികാരി, എം 09 പത്തനംതിട്ട മുനിസിപ്പാലിറ്റി, പത്തനംതിട്ട

താലൂക്ക് സപ്ലൈ ഓഫീസർ, കോഴഞ്ചേരി &
വരണാധികാരി, ജി 13 അയിരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

അസിസ്റ്റന്റ് ഡയറക്ടർ ദാഫ് അഗ്രികൾച്ചർ, കോയിപ്രം, പുള്ളാട് &
വരണാധികാരി, ജി 18 പുറമറ്റം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

പി എ ടു ഡിസ്ട്രിക്ട് എഡ്യുക്കേഷണൽ ഓഫീസർ, ഡിസ്ട്രിക്ട് എഡ്യുക്കേഷണൽ ഓഫീസ്,
കുട്ടനാട് & വരണാധികാരി, ജി 33 കാവാലം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കുട്ടനാട് &
വരണാധികാരി, ജി 36 മുട്ടാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

സർവ്വെ സൂപ്രണ്ട്, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, 3rd ഫ്ലോർ, പാലാ &
വരണാധികാരി, ജി 26 രാമപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം

സ്പെഷ്യൽ തഹസിൽദാർ, എൽ.എ ഓഫീസ് മുരിക്കാശ്ശേരി &
വരണാധികാരി, ജി 30 വാത്തിക്കുടി ഗ്രാമപഞ്ചായത്ത്, ഇടുക്കി

ഡിസ്ട്രിക്ട് എഡ്യുക്കേഷണൽ ഓഫീസർ, മൂവാറ്റുപുഴ &
വരണാധികാരി, എം 22 മൂവാറ്റുപുഴ മുനിസിപ്പാലിറ്റി, എറണാകുളം

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് സർവ്വെ ആന്റ് ലാന്റ് റെക്കോർഡ്സ്, എറണാകുളം, കൊച്ചി &
വരണാധികാരി, ജി 18 അശമന്നൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), മൂവാറ്റുപുഴ,
എറണാകുളം & വരണാധികാരി, ജി 54 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, മൂവാറ്റുപുഴ, എറണാകുളം &
വരണാധികാരി, ജി 79 പായിപ്ര ഗ്രാമപഞ്ചായത്ത്, എറണാകുളം

തഹസിൽദാർ (ലാന്റ് റെക്കോർഡ്സ് ), തലപ്പിള്ളി &
വരണാധികാരി, ജി 07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

അഗ്രികൾച്ചർ ഓഫീസർ, കോങ്ങാട് &
വരണാധികാരി, ജി 44 മുണ്ടൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്

സൂപ്രണ്ട് ഓഫ് സർവ്വെ & ലാന്റ് റെക്കോർഡ്സ് (റീസർവ്വെ), നിലമ്പൂർ &
വരണാധികാരി, ജി 27 കരുളായി ഗ്രാമപഞ്ചായത്ത്, മലപ്പുറം

ടൗൺ എംപ്ലോയിമെന്റ് ഓഫീസർ, തിരൂർ &
വരണാധികാരി, ജി 91 തിരുനാവായ ഗ്രാമപഞ്ചായത്ത്, മലപ്പുറം

സൂപ്രണ്ട് ഓഫ് സർവ്വെ 1, ഫോറസ്റ്റ് മിനി സർവ്വെ, വനശ്രീ, മാത്തോട്ടം പി.ഒ, അരക്കിണർ &
വരണാധികാരി, ജി 06 പുറമേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, തലശ്ശേരി, തിരുവങ്ങാട് &
വരണാധികാരി, ജി 65 പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

അസിസ്റ്റന്റ് എഞ്ചിനീയർ, എം.ഐ സെക്ഷൻ, കാഞ്ഞങ്ങാട് &
വരണാധികാരി, ജി 25 മടിക്കൈ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ഓഫീസർ, താലൂക്ക് ഇൻഡസ്ട്രിയൽ ഓഫീസ്, ഹോസ്ദുർഗ്ഗ് & ജി 26 കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

അസിസ്റ്റന്റ് എഞ്ചിനീയർ, എം.ഐ സെക്ഷൻ, നീലേശ്വരം &
വരണാധികാരി, ജി 33 കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

സർ,

വിഷയം - കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളിൽ 2025 ഫെബ്രുവരി 24 (തിങ്കൾ) ന് നടത്തുന്ന 13-ാം ഉപതിരഞ്ഞെടുപ്പ് - കാര്യപരിപാടി അറിയിക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ പതിമൂന്ന് ജില്ലകളിലെ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലും മുനിസിപ്പാലിറ്റി വാർഡുകളിലും 2025 ഫെബ്രുവരി 24 (തിങ്കൾ) ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടി അനുബന്ധമായി കൊടുത്തിരിക്കുന്നു. പ്രസ്തുത കാര്യപരിപാടി അനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിക്കുന്നു.

**പട്ടിക**

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സംവരണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | സി 01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 79 ശ്രീവരാഹം | ജനറൽ |
| 2 | തിരുവനന്തപുരം | ജി 17 കരുംകുളം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുപള്ളി | ജനറൽ |
| 3 | തിരുവനന്തപുരം | ജി 34 പൂവച്ചൽ ഗ്രാമപഞ്ചായത്ത് | 05 പുളിങ്കോട് | ജനറൽ |
| 4 | തിരുവനന്തപുരം | ജി 52 പാങ്ങോട് ഗ്രാമപഞ്ചായത്ത് | 01 പുലിപ്പാറ | ജനറൽ |
| 5 | കൊല്ലം | എം 87 കൊട്ടാരക്കര മുനിസിപ്പാലിറ്റി | 20 കല്ലുവാതുക്കൽ | സ്ത്രീ |
| 6 | കൊല്ലം | ബി 16 അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത് | 07 അഞ്ചൽ | ജനറൽ |
| 7 | കൊല്ലം | ബി 17 കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത് | 08 കൊട്ടറ | ജനറൽ |
| 8 | കൊല്ലം | ജി 02 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുമാംമൂട് | സ്ത്രീ |
| 9 | കൊല്ലം | ജി 04 ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 02 പ്രയാർ തെക്ക് ബി | ജനറൽ |
| 10 | കൊല്ലം | ജി 30 ഇടമുളക്കൽ ഗ്രാമപഞ്ചായത്ത് | 08 പടിഞ്ഞാറ്റിൻ കര | സ്ത്രീ |
| 11 | പത്തനംതിട്ട | എം 09 പത്തനംതിട്ട മുനിസിപ്പാലിറ്റി | 15 കുമ്പഴ നോർത്ത് | സ്ത്രീ |
| 12 | പത്തനംതിട്ട | ജി 13 അയിരൂർ | 16 തടിയൂർ | സ്ത്രീ |

| | | | | |
|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | | |
| 13 | പത്തനംതിട്ട | ജി 18 പുറമറ്റം ഗ്രാമപഞ്ചായത്ത് | 01 ഗ്യാലക്സി നഗർ | സ്ത്രീ |
| 14 | ആലപ്പുഴ | ജി 33 കാവാലം ഗ്രാമപഞ്ചായത്ത് | 03 പാലോടം | ജനറൽ |
| 15 | ആലപ്പുഴ | ജി 36 മുട്ടാർ ഗ്രാമപഞ്ചായത്ത് | 03 മിത്രക്കരി ഈസ്റ്റ് | സ്ത്രീ |
| 16 | കോട്ടയം | ജി 26 രാമപുരം ഗ്രാമപഞ്ചായത്ത് | 07 ജി വി സ്കൂൾ വാർഡ് | സ്ത്രീ |
| 17 | ഇടുക്കി | ജി 30 വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | 07 ദൈവംമേട് | സ്ത്രീ |
| 18 | എറണാകുളം | എം 22 മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | 13 ഈസ്റ്റ് ഹൈസ്കൂൾ വാർഡ് | സ്ത്രീ |
| 19 | എറണാകുളം | ജി 18 അശമന്നൂർ ഗ്രാമപഞ്ചായത്ത് | 10 മേതല തെക്ക് | ജനറൽ |
| 20 | എറണാകുളം | ജി 54 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 10 പനങ്കര | ജനറൽ |
| 21 | എറണാകുളം | ജി 79 പായിപ്ര ഗ്രാമപഞ്ചായത്ത് | 10 നിരപ്പ് | സ്ത്രീ |
| 22 | തൃശ്ശൂർ | ജി 07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 11 മാന്തോപ്പ് | സ്ത്രീ |
| 23 | പാലക്കാട് | ജി 44 മുണ്ടൂർ ഗ്രാമപഞ്ചായത്ത് | 12 കീഴ്പാടം | ജനറൽ |
| 24 | മലപ്പുറം | ജി 27 കരുളായി ഗ്രാമപഞ്ചായത്ത് | 12 ചക്കിട്ടാമല | പട്ടികജാതി |
| 25 | മലപ്പുറം | ജി 91 തിരുനാവായ ഗ്രാമപഞ്ചായത്ത് | 08 എടക്കുളം ഈസ്റ്റ് | ജനറൽ |
| 26 | കോഴിക്കോട് | ജി 06 പുറമേരി ഗ്രാമപഞ്ചായത്ത് | 14 കുഞ്ഞല്ലൂർ | ജനറൽ |
| 27 | കണ്ണൂർ | ജി 65 പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് | 03 താഴെ ചമ്പാട് | ജനറൽ |
| 28 | കാസർഗോഡ് | ജി 25 മടിക്കൈ ഗ്രാമപഞ്ചായത്ത് | 08 കോളിക്കുന്ന് | സ്ത്രീ |
| 29 | കാസർഗോഡ് | ജി 26 കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് | 05 അയറോട്ട് | സ്ത്രീ |
| 30 | കാസർഗോഡ് | ജി 33 കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് | 07 പള്ളിപ്പാറ | ജനറൽ |

1. **24.02.2025**–ന് നടത്തുന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം ഇന്ന് **29.01.2025** (ബുധൻ) മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.
2. മേൽ പറഞ്ഞ നിയോജകമണ്ഡലങ്ങളിൽ / വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പുതുക്കിയ സമ്മതിദായക പട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ **28.01.2025** ൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷനെ ഉടൻ അറിയിക്കേണ്ടതാണ്.
3. തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഫാറം 1-ലുള്ള നോട്ടീസ് **2025 ജനുവരി 30 (വ്യാഴം)** ന് ബന്ധപ്പെട്ട വരണാധികാരികൾ ചട്ട പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം അന്നുതന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.
4. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനും ഉപതിരഞ്ഞെടുപ്പിന്റെ സുഗമവും നീതിപൂർവ്വകവുമായ നടത്തിപ്പിനും ആവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. **2025 ഫെബ്രുവരി 24 (തിങ്കൾ)** –ന് ഉപതിരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ

/ വാർഡുകളിൽ തിരഞ്ഞെടുപ്പ് നടപടികൾക്കെതിരെ ഏതെങ്കിലും കോടതി വിധിയോ വിലക്കോ ഇല്ലെന്ന് ഉറപ്പവരുത്താൻ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആ വിവരം എത്രയും വേഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്. കൂടാതെ, ഈ അറിയിപ്പ് കിട്ടിയാലുടൻ ബന്ധപ്പെട്ട വരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് വരണാധികാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ ഒരു യോഗം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ വിളിച്ചു കൂട്ടേണ്ടതും തിരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ച നിർദേശങ്ങൾ നൽകേണ്ടതുമാണ്. ഈ യോഗതീയതി കമ്മിഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

5. വരണാധികാരികൾക്ക് സ്വന്തമായി ഓഫീസ് വാഹനമില്ലാത്ത പക്ഷം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ വാഹനം തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്ക് ലഭ്യമാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.
6. 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും പ്രകാരം ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് **രണ്ടായിരം രൂപയും**, ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് **നാലായിരം രൂപയും** മുനിസിപ്പാലിറ്റി വാർഡുകളിൽ മത്സരിക്കുന്നതിന് **നാലായിരം രൂപയും** മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ മത്സരിക്കുന്നതിന് **അയ്യായിരം രൂപയും** ആണ് സ്ഥാനാർത്ഥികൾ നിക്ഷേപതുകയായി കെട്ടിവെക്കേണ്ടത്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവെക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കുന്നതാണ്. **കെട്ടിവയ്ക്കേണ്ട തുക 8443-civil deposits - 121 - deposits in connection with election - 94 - deposits made by candidate for Panchayat /8443 - 121 -95- deposits made by candidate for municipality എന്നീ അതത് ശീർഷകങ്ങളിലെ ട്രഷറി നിക്ഷേപമായോ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയ രസീത് ഹാജരാക്കിയോ നിക്ഷേപതുക നേരിട്ട് വരണാധികാരിയുടെ പക്കൽ ഏല്പിച്ചോ നിക്ഷേപിക്കാവുന്നതാണ്.**
7. വരണാധികാരികൾ തിരഞ്ഞെടുപ്പിന് ശേഷം സ്ഥാനാർത്ഥികളുടെ നിക്ഷേപതുക തിരികെ നൽകുകയോ കണ്ടുകെട്ടുയോ ചെയ്യുന്നതിന്, കമ്മീഷന്റെ 23/02/2023-ലെ ബി1/39/2021/സം.തി.ക നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ **1,50,000/-** രൂപയും (ഒരുലക്ഷത്തിയമ്പതിനായിരം) രൂപയും ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ **75,000/-**രൂപയും (എഴുപത്തയ്യായിരം) മുനിസിപ്പാലിറ്റി വാർഡുകളിൽ **75,000/-**രൂപയും (എഴുപത്തയ്യായിരം) ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ **25,000/-**(ഇരുപത്തയ്യായിരം) രൂപയുമാണെന്ന വിവരത്തിന് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്.
9. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് സമർപ്പിക്കണം. ഇതിലേയ്ക്ക്, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെയാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ വിവരം സ്ഥാനാർത്ഥികളെ മുൻകൂട്ടി അറിയിക്കാൻ വരണാധികാരി നടപടി സ്വീകരിക്കേണ്ടതാണ്.
10. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 86-ാം വകുപ്പ് / 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 142-ാം വകുപ്പ് അനുസരിച്ച് നിശ്ചിത സമയത്തിനകം തിരഞ്ഞെടുപ്പ് ചെലവു കണക്ക് സമർപ്പിച്ചിട്ടില്ലാത്ത സ്ഥാനാർത്ഥികളുടെ വിവരവും, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം / കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം അനുസരിച്ച്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, **www.sec.kerala.gov.in** സൈറ്റിൽ

ഓൺലൈനിലൂടെയും നേരിട്ടും യഥാസമയം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**ബി.എസ് പ്രകാശ്**

സെക്രട്ടറി

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ആമുഖകത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്
4. തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്
5. ബന്ധപ്പെട്ട ഉപവരണാധികാരികൾക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർ മുഖേന)
6. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും (ബന്ധപ്പെട്ട സെക്ഷനുകൾ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി മോണിറ്റർ ചെയ്യേണ്ടതാണ്)
7. സ്റ്റാന്റിംഗ് കൗൺസിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
8. എ2, എ4, ബി5 സെക്ഷനുകൾ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (ഫണ്ട് അനുവദിക്കുന്നതിനും തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്നതിനും)
9. പബ്ലിക് റിലേഷൻസ് ഓഫീസർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (പത്രക്കുറിപ്പ് നൽകുന്നതിനായി)
10. കമ്മീഷണറുടെ പി.എസ്./സി.എ./സെക്രട്ടറിയുടെ സി.എ.
11. കമ്പ്യൂട്ടർ പ്രോഗ്രാമർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ഫയൽ/സ്റ്റോക്ക് ഫയൽ

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
**13-ാം ഉപതിരഞ്ഞെടുപ്പ് (2025 ഫെബ്രുവരി 24)**
**കാര്യപരിപാടി**

| | | |
|---|---|---|
| തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനവും വരണാധികാരി പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തലും | : | 30.01.2025 (വ്യാഴം) |
| നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | : | 06.02.2025 (വ്യാഴം) |
| നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | : | 07.02.2025 (വെള്ളി) |
| സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി | : | 10.02.2025 (തിങ്കൾ) |
| ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയും സമയവും | : | 24.02.2025 (തിങ്കൾ)<br>07 AM മുതൽ – 06 PMവരെ |
| വോട്ടെണ്ണൽ നടത്തുന്നതിനുള്ള തീയതി | : | 25.02.2025 (ചൊവ്വ)<br>10 AM |
| തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി | : | 27.02.2025 (വ്യാഴം) |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാനുള്ള അവസാന തീയതി | : | 27.03.2025 (വ്യാഴം) |

ബി.എസ് പ്രകാശ്
സെക്രട്ടറി